പ്രതിവാരം

സീതി

# ജമാഅത്ത് വിരുദ്ധ സർവകക്ഷി യോഗം

**ജമാഅത്ത്‌വിരുദ്ധ** പുസ്തകങ്ങൾ നമുക്ക് പുതുമയല്ല. പല ലോകഭാഷകളിലും പ്രാദേശിക ഭാഷകളിലുമായി ഡസൻ കണക്കിന് ജമാഅത്ത്‌വിമർശന പുസ്തകങ്ങൾ മാർക്കറ്റിൽ ലഭ്യമാണ്. മതേതരന്മാർ, സോഷ്യലിസ്റ്റുകൾ, യുക്തിവാദികൾ, കമ്യൂണിസ്റ്റുകൾ, ഹിന്ദുത്വർ, ഖാദിയാനികൾ, സാമുദായിക രാഷ്ട്രീയക്കാർ, മുസ്‌ലിം മതസംഘടനകൾ എന്നിവരെല്ലാം അവരവരുടെ വീക്ഷണകോണിലൂടെ ജമാഅത്തിനെ കൈകാര്യം ചെയ്യാനുദ്ദേശിച്ച് പുസ്തകങ്ങളിറക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇപ്പറഞ്ഞ കൂട്ടരെല്ലാം ഒന്നിച്ച് അണിനിരന്ന് ജമാഅത്തെ ഇസ്‌ലാമിയെ കഴുത്തിന് പിടിച്ച് പിഴിഞ്ഞ് തൂറ്റിക്കാച്ചാൻ പുസ്തകരൂപത്തിൽ അവതരിച്ചിരിക്കുന്നു. എം.എ കാരപ്പഞ്ചേരി എഡിറ്റ് ചെയ്ത് കോഴിക്കോട്ടെ ഇടതുപക്ഷ പ്രസിദ്ധീകരണാലയമായ പ്രോഗ്രസ് പബ്ലിക്കേഷൻസ് പുറത്തിറക്കിയ *'മതരാഷ്ട്രവാദം, ജമാഅത്തെ ഇസ്‌ലാമി ചോദ്യം ചെയ്യപ്പെടുന്നു'* എന്ന പുസ്തകം (160 പേജ്) വ്യത്യസ്തമാകുന്നത് അതിൽ അണിനിരന്ന താരങ്ങളുടെ നടനവൈവിധ്യം കൊണ്ടാണ്. മുജാഹിദും സുന്നിയും (ഇരുവിഭാഗം), ഖാദിയാനി, മുസ്‌ലിം ലീഗ്, മുൻ സിമി എന്നിവർ ഒന്നാം ഭാഗത്ത് അണിനിരക്കുന്നു. രണ്ടാം ഭാഗത്ത് സംഘ് പരിവാർ അനുകൂലിയെന്ന് ആക്ഷേപിക്കപ്പെട്ട എം.ജി.എസ് നാരായണൻ, മതമൗലികവാദിയെന്ന് മാർക്സിസ്റ്റുകളും മാർക്സിസ്റ്റെന്ന് മതമൗലികവാദികളും വിശേഷിപ്പിക്കുന്ന കെ.ഇ.എൻ, മുൻ നക്സലൈറ്റ് കെ. വേണു, ശുദ്ധ സി.പി.എമ്മുകാരനായ കെ.എസ് ഹരിഹരൻ, യുക്തിവാദി സ്റ്റാൾവാർട്ട് ഇ.എ ജബ്ബാർ, ജമാഅത്ത്‌വിരുദ്ധ സീരിയലുകളിലെ സ്ഥിരം ഹാസ്യനടന്മാരായ ഹമീദ് ചേന്ദമംഗല്ലൂർ, എം.എൻ കാരശ്ശേരി എന്നു തുടങ്ങി പത്തൊമ്പത് ലേഖകന്മാർ! തമ്മിൽ കണ്ടാൽ പരസ്പരം കടിച്ചുകീറുന്നവരാണ് ഇവരിൽ മിക്കപേരെങ്കിലും ജമാഅത്തിനെ എതിർക്കുക എന്ന ഒറ്റക്കാര്യത്തിലെങ്കിലും ഇവർക്ക് ഒന്നിക്കാൻ കഴിഞ്ഞതിൽ ആ പ്രസ്ഥാനത്തിന് അവർ നന്ദി പറയുമെന്ന് പ്രതീക്ഷിക്കുക.

തീർത്തും രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്ന ആരോപണങ്ങളേറ്റുവാങ്ങേണ്ടിവരുന്നുവെന്നതാണ് ജമാഅത്തിന്റെ ഏറ്റവും ശ്രദ്ധേയമായ വിധികളിലൊന്ന്. വെറുമൊരു രാഷ്ട്രീയ സംഘടനയാണിതെന്ന് മുസ്‌ലിം മതസംഘടനകളിൽ പലരും ആരോപിക്കും. മതേതരക്കാരും മാർക്സിസ്റ്റുകളും അരാഷ്ട്രീയവത്കരണത്തിന്റെ ആശാന്മാരെന്നാണ് ജമാഅത്തിനെ പഴി പറയാറ്. തീവ്രവാദികളും ഉഗ്രവാദികളുമായി ഒരുവിഭാഗം അതിനെ മുദ്രകുത്തും. അഡ്ജസ്റ്റ്മെന്റിന്റെ ഐസ്ക്രീം മതവുമായി നടക്കുന്ന സാധുക്കൾ എന്നാണ് ചില മുസ്‌ലിം അതിവാദ സംഘടനകൾ അതിനെ കളിയാക്കാറ്. ആധുനികതയെയും യുക്തിബോധത്തെയും നിരാകരിക്കുന്ന പിന്തിരിപ്പന്മാർ എന്ന് മതേതരക്കാരും യുക്തിവാദികളും പറയും. ഇസ്‌ലാമിനെ ആധുനികതക്കും യുക്തിക്കും അനുസരിച്ച് വ്യാഖ്യാനിക്കുന്ന ഭൗതികവാദികളെന്ന് മതത്തിനകത്തെ പുതുവ്യാഖ്യാനക്കാർ അതിനെ വിളിക്കും. മതമൗലികവാദികൾ എന്ന വിശേഷണം സാർവത്രികമായി ശക്തമാണ്. മതത്തെയും ശരീഅത്തിനെയും പൊളിക്കുന്ന, പ്രവാചകനെ കൊച്ചാക്കുന്ന പുത്തൻവാദികളെന്ന് മുസ്‌ലിയാക്കൾ പറയും. അങ്ങനെ തീർത്തും രണ്ടറ്റങ്ങളിലുള്ള ആരോപണങ്ങളെ ഒരേസമയം പേറുന്നുവെന്നതാണ് അതിന്റെ ഏറ്റവും വലിയ അലങ്കാരം. തങ്ങൾക്ക് പിഴച്ചിട്ടില്ല എന്ന് ആവർത്തിച്ച് ആത്മവിശ്വാസം കൊള്ളാൻ ജമാഅത്തുകാർക്ക് സാധിക്കുന്നത് ഇതിലൂടെയാണ്. ഈ പുസ്തകവും ആ അർഥത്തിലുള്ളൊരു ഈടുവെപ്പായി മനസ്സിലാക്കാം.

മുൻ സിമി നേതാവായ സി. ഹംസ പഴമകളെയും പാരമ്പര്യങ്ങളെയും നിരാകരിക്കുന്ന, മതതത്ത്വങ്ങളിൽ മനുഷ്യകരങ്ങളുടെ ഇടപെടൽ നടത്തുന്ന പ്രസ്ഥാനമായതിനാൽ ജമാഅത്തിനോട് വിയോജിക്കുന്നു. യുക്തിവാദി നേതാവായ ഇ.എ ജബ്ബാർ, എം.എൻ കാരശ്ശേരി, ഹമീദ് ചേന്ദമംഗല്ലൂർ എന്നിവരുടെ പ്രശ്നം മതത്തിൽ യാതൊരു പരിഷ്കരണത്തിനും സന്നദ്ധമാകാത്ത പിന്തിരിപ്പന്മാരാണ് ജമാഅത്തുകാർ എന്നതാണ്. മങ്കട അബ്ദുൽ അസീസ് മൗലവി, ശംസുദ്ദീൻ പാലത്ത് തുടങ്ങിയ മുജാഹിദ് നേതാക്കൾ ഭരണവും രാഷ്ട്രീയവുമൊക്കെ ഇസ്‌ലാമിന്റെ അടിസ്ഥാനത്തിൽ പരിചയപ്പെടുത്തുന്നതിനോട് വിയോജിക്കുന്നു. എന്നാൽ 'നമ്മുടെ സുന്നി-മുജാഹിദ് സംഘടനകളെല്ലാം ഇസ്‌ലാം ഒരു സമ്പൂർണ ജീവിതപദ്ധതിയാണെന്ന വീക്ഷണം പങ്കുവെക്കുന്നു. ഈ കാഴ്ചപ്പാട് പുലർത്തുന്നവർക്ക് രാഷ്ട്രീയം കൂടി ഇസ്‌ലാമിന്റെ ഭാഗമാണെന്നും മുസ്‌ലിംകൾ ഇസ്‌ലാമിക രാഷ്ട്രീയം ഉയർത്തിപ്പിടിക്കണമെന്നും വാദിക്കുന്ന മൗദൂദിയെയും ജമാഅത്തെ ഇസ്‌ലാമിയെയും വിമർശിക്കാൻ അവകാശമുണ്ടോ' എന്ന് ഹമീദ് ചേന്ദമംഗല്ലൂർ ചോദിക്കുന്നുണ്ട് (പേജ് 101). അമിത പലിശയെ (usury) എതിർക്കുന്നതിനു പകരം പലിശയെ തന്നെ എതിർക്കുന്നതാണ് കെ.എം സീതി ജമാഅത്തിൽ കാണുന്ന പ്രധാനപ്പെട്ടൊരു തെറ്റ് (പേജ് 125). അങ്ങനെ മൊത്തത്തിൽ കൗതുകകരമായ വൈരുധ്യങ്ങൾകൊണ്ട് സമ്പന്നമായ പുസ്തകം ആയാസരഹിതമാ

യി ആർക്കും വായിച്ചുപോകാം.

എന്നാൽ പുസ്തകം ഉയർത്തിപ്പിടിക്കുന്ന ആശയതലത്തിന്റെ വിഡ്ഢിത്തത്തിന്റെ ആഴപ്പരപ്പ് ഒറ്റവരിയിൽ കുറിച്ചിടാൻ പ്രസാധകനായ ഗുലാബ് ജാന് സാധിച്ചിട്ടുണ്ട്. അതിങ്ങനെ: 'ജനാധിപത്യത്തോടും മതേതരത്വത്തോടും സൈദ്ധാന്തികമായും പ്രായോഗികമായും എന്ത് നിലപാടെടുക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ഒരു സംഘടന പ്രതിലോമകരമാണോ അല്ലയോ എന്നു തീരുമാനിക്കുക.' മതേതര പൗരോഹിത്യത്തിന് മലയാളത്തിൽ സാധ്യമാവുന്ന ഏറ്റവും മികച്ച അടയാളവാക്യമായി ഈ വാചകം കുറിക്കപ്പെടും. സംവാദ സംസ്കാരം തീരെയില്ലാത്ത കുടുസ്സുജീവികളായാണ് മതേതരവാദികൾ മതക്കാരെ പരിഗണിക്കാറ്. എന്നാൽ സ്വന്തം ആശയത്തിന്റെ അടിസ്ഥാനമായ ദൈവത്തെപ്പോലും സംവാദ വിഷയമാക്കാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സന്നദ്ധമാണ്. എന്നാൽ പുരോഗമനവാദികൾ എന്നവകാശപ്പെടുന്ന നമ്മുടെ പ്രസാധകനെപ്പോലുള്ളവർ മതേതരത്വത്തെയും ജനാധിപത്യത്തെയും പ്രശ്നവത്കരിക്കുന്നതും സംവാദവിധേയമാക്കുന്നതുപോലും സഹിക്കാൻ കഴിയാത്ത വിധം ആധുനിക പൗരോഹിത്യത്തിന്റെ കറുത്ത തടവറയിലാണ്. മതേതര/ആധുനിക/പരിഷ്കൃത യൂറോപ്പിൽ ഹോളോകോസ്റ്റ് പഠനവിധേയമാക്കുന്നത് ക്രിമിനൽ കുറ്റമാണ്. തീവ്രമതേതര തുർക്കിയിൽ അർമീനിയൻ കൂട്ടക്കൊല നടന്നിരുന്നോ എന്നന്വേഷിക്കുന്നത് രാജ്യദ്രോഹ കുറ്റമാണ്. ഫ്രാൻസിൽ അർമീനിയൻ കൂട്ടക്കൊല നടന്നിട്ടില്ല എന്നു പറയുന്നത് ക്രിമിനൽ കുറ്റമാണ്. ഇതാ, കേരളത്തിലെ പുരോഗമന വീരശൂരർ മതേതരത്വത്തെ പ്രശ്നവത്കരിക്കുന്നത് ക്രിമിനൽ കുറ്റമാക്കാനുള്ള പടപ്പുറപ്പാടിലാണ്. ഗുലാബ് ജാൻ അത് വളച്ചുകെട്ടില്ലാതെ പറഞ്ഞുവെച്ചിരിക്കുന്നു. ■